## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1360

22.03.2013ൽ
മറുപടിക്ക്

**ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്താൻ നടപടി**

ചോദ്യം

ശ്രീ.പി.ബി.അബ്ദുൾ റസാക്

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തുമെന്നു പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ, ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ?

എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.
എന്നാൽ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1 ൽ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റ തറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോള വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുകൂല തീരുമാനമെടുത്തിട്ടില്ല.

| | |
|---|---|
| ബി) തൊഴിലുറപ്പു പദ്ധതിയിലുൾപ്പെട്ട തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) 26.02.2013 ലെ എസ്.ഒ (463) ഇ പ്രകാരം കേരളത്തിലെ പ്രതിദിന വേതനം 01.04.2013 മുതൽ 164/- രൂപയിൽ നിന്നും 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി) 2011 ജൂൺ മുതൽ 2013 ജനുവരി വരെ സംസ്ഥാനത്ത് തൊഴിലുറപ്പു പദ്ധതിയിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു; വേതനമിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ; | സി) 2011 ജൂൺ മുതൽ 2013 ജനുവരി വരെ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ 1236.872 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വേതനമിനത്തിൽ 190470.56 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾക്കു ക്ഷേമനിധി രൂപീകരിക്കാനും, പെൻഷൻ നൽകാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ; | ഡി) പരിഗണനയിലാണ്. |
| ഇ) തൊഴിലുറപ്പു പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും രാജീവ് ഗാന്ധി സേവാ കേന്ദ്രം സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്നു വ്യക്തമാക്കുമോ; എത്ര പഞ്ചായത്തുകളിൽ ഇതിനകം പ്രസ്തുതകേന്ദ്രങ്ങൾ നിർമ്മിച്ചുവെന്നു വ്യക്തമാക്കുമോ? | ഇ) സംസ്ഥാനത്ത് 10 ഗ്രാമപഞ്ചായത്തുകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ് ഗാന്ധി സേവാകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒന്നും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ